**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **02-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവർത്തിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11 (1) നോട്ടിഫിക്കേഷൻ 12.01.2023 ന പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കുറ്റ്യാടി ബൈപ്പാസ് പ്രവർത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധിക്കുകയും, ആയത് പരിഷ്കരിച്ച് സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ടി പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും, ടി പ്രവർത്തിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ